കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് - പ്രോജക്റ്റ് എസ്.ഒ.32/06 സമഗ്ര വിദ്യാഭ്യാസ പദ്ധതി (സർഗ്ഗോൽസവം) ഇൽ അധികാരപരിധി ലംഘിച്ച് ചെയ്ത ചെലവ് - 2005-06 വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് - ഓഡിറ്റ് തടസ്സം - സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം.484/13/തസ്വഭവ. തിരുവനന്തപുരം, തീയതി: 23.02.2013

---

പരാമർശം: 1. കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 23.07.11-ലെ 21/11-ാം നമ്പർ തീരുമാനം.
2. ഗ്രാമവികസന കമ്മീഷണറുടെ 01.10.2012-ലെ 13836/ഡിപി3/2012/സിആർഡി നമ്പർ കത്ത്.
3. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 19.12.2012-ലെ എൽ.എഫ്. 22883/പി.റ്റി.3/2012 നമ്പർ കത്ത്.

## ഉത്തരവ്

കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് 2005-06 വർഷത്തിൽ പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്കായി എസ്.ഒ 32/06 - സമഗ്രവിദ്യാഭ്യാസ പദ്ധതി (സർഗ്ഗോത്സവം) എന്ന പ്രോജക്റ്റ് തയ്യാറാക്കി നടപ്പാക്കിയിരുന്നു. എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് അനുസരിച്ച് പദ്ധതി നടപ്പാക്കേണ്ടത് ഗ്രാമപഞ്ചായത്തായിരിക്കെ അധികാരപരിധി ലംഘിച്ച് ചെലവ് ചെയ്തതിന് 41,841/- (നാൽപ്പത്തോരായിരത്തി എണ്ണൂറ്റി നാൽപ്പത്തി ഒന്ന് രൂപ മാത്രം) രൂപ ലോക്കൽ ഫണ്ട് ഓഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു. ഈ വിഷയത്തിൽ സർക്കാരിൽ നിന്ന് സാധൂകരണം തേടണമെന്നും ലോക്കൽഫണ്ട് ഓഡിറ്റ് നിർദ്ദേശിച്ചിരുന്നു. പരാമർശം 1-ലെ കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രൈമറി വിദ്യാർത്ഥികളുടെ സർഗ്ഗവാസനയും കലാപരവും ബുദ്ധിപരവുമായ കഴിവും കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് പ്രസ്തുത പദ്ധതി വളരെയധികം സഹായിച്ചിട്ടുണ്ടെന്നും ആയതിനാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ തടസ്സപ്പെടുത്തിയ 41,841/- രൂപയ്ക്ക് സാധൂകരണം നൽകുവാൻ പരാമർശം 2-ലെ കത്ത് പ്രകാരം ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് ഖണ്ഡികയിൽ (ഖണ്ഡിക 3.5) സാമ്പത്തിക ക്രമക്കേടുകൾ ഒന്നും തന്നെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലെന്നും അധികാര പരിധി ലംഘിച്ച് ചെലവ് ചെയ്തതിന് സാധൂകരണം വാങ്ങേണ്ടതാണെന്ന് ഖണ്ഡികയിൽ പരാമർശിക്കപ്പെട്ടിട്ടുണ്ടെന്നും ആയതിനാൽ 41,841/- രൂപയുടെ ചെലവിന് സാധൂകരണം നൽകാവുന്നതാണെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുമുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബ്ലോക്ക് പഞ്ചായത്തിന്റെ സദുദ്ദേശം പരിഗണിച്ച് ഭാവിയിൽ അധികാരപരിധി ലംഘിച്ചുള്ള ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കരുതെന്ന നിബന്ധനയോടെയും 2005-2006 വർഷത്തിൽ എസ്.ഒ.32/2006 – സമഗ്ര വിദ്യാഭ്യാസ പദ്ധതിക്ക് വേണ്ടി 41841/-

(നാൽപ്പത്തോരായിരത്തി എണ്ണൂറ്റി നാൽപ്പത്തി ഒന്ന് രൂപ മാത്രം) രൂപ ചെലവഴിച്ച കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി.ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
സെക്രട്ടറി, കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത്
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം. ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഐ.കെ.എം, പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,